LIBRARY ARCHIVES Kerala Legislative Assembly

പോലീസ് ഓഫീസർമാർക്കെതിരെ ലോക്കപ്പ് മർദ്ദനവുമായി ബന്ധപ്പെട്ട് പരാതി

143 (1848) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരധികാരമേറ്റശേഷം ഏതെല്ലാം പോലീസ് ഓഫീസർമാർക്കെതിരെ ലോക്കപ്പ് മർദ്ദനവുമായി ബന്ധപ്പെട്ട് പരാതി ഉയർന്നിട്ടുണ്ട്; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും ഓരോരുത്തരുടെയും തസ്തികയും, ഇവരിൽ ആർക്കെതിരെയൊക്കെ കേസ്സ് നിലവിലുണ്ട് എന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

ഉത്തരം

(എ&ബി)വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ഉദ്യോഗസ്ഥന്റെ പേര്	തസ്തിക	ഇപ്പോൾ കേസ് നിലവിലുണ്ടോ
ശ്രീ. കൃഷ്ണകുമാർ	ഗ്രേഡ് എ.എസ്.ഐ	ഉണ്ട്
ശ്രീമതി ജസീന്ത	ഡബ്ല്യു.സി.പി.ഒ.	ഉണ്ട്
ശ്രീ. ബിജു ജോൺ ലൂക്കോസ്	എസ്.ഐ.	ഇല്ല
ശ്രീ. ഷാജു	സി.പി.ഒ. 5618	ഇല്ല
ശ്രീ.സുരേന്ദ്രൻ കല്ലിയാടൻ	എസ്.ഐ.	ഇല്ല
ശ്രീ. ശരത്	സി.പി.ഒ.5385	ഇല്ല
ശ്രീ. റോയ് ജോൺ	സി.പി.ഒ. 5725	ഇല്ല

കരുതൽ തടങ്കൽ

144 (1849) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സാമൂഹ്യവിരുദ്ധ നിയമപ്രകാരം തടങ്കലിൽ പാർപ്പിക്കപ്പെട്ടവർ എത്ര ;

(ബി) പ്രസ്തുത കാലയളവിൽ ആകെ പുറപ്പെടുവിച്ച കരുതൽ തടങ്കൽ ഉത്തരവ് എത്ര ?

ഉത്തരം

(എ&ബി) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമ പ്രകാരം ഈ സർക്കാർ അധികാരമേറ്റശേഷം 557 പേരെ കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുള്ളതും 562 കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

മലബാർ സിമന്റ്സ് അഴിമതി

145 (1850) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ സിമന്റ്സിന്റെ അഴിമതി സംബന്ധിച്ചുള്ള കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; ഇതിലെ പ്രതികൾ ആരൊക്കെ ; വിശദമാക്കുമോ ;

(ബി) മലബാർ സിമന്റ്സിലെ ശശീന്ദ്രൻ വധക്കേസ് എത് ഏജൻസിയാണ് അന്വേഷിക്കുന്നത് ; ഈ കേസിന്റെ സ്ഥിതി ഇപ്പോൾ എന്താണ് ;

(സി) പ്രസ്തുത കേസുകൾ സി.ബി.ഐ.-യ്ക്ക് വിടാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ നടപടി ഏതു ഘട്ടംവരെ ആയി എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മലബാർ സിമന്റ്സിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് എട്ട് വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയവയിൽ രണ്ടു കേസ്സുകളുടെ അന്വേഷണം നടന്നു വരുന്നു. ആറ് കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) മലബാർ സിമന്റ്സിലെ ഉദ്യോഗസ്ഥനായിരുന്ന ശശീന്ദ്രൻ വധക്കേസ് സി.ബി.ഐ. അന്വേഷണം നടത്തിവരുന്നു. ശ്രീ. ശശീന്ദ്രന്റെ അസ്വാഭാവിക മരണം സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ ശ്രീ. വി. എം. രാധാകൃഷ്ണൻ @ചാക്ക് രാധാകൃഷ്ണനെതിരെ എറണാകുളം സി.ജെ.എം. കോടതിയിൽ 2-9-2014-ൽ ചാർജ് ഷീറ്റ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസ് ഇപ്പോൾ എറണാകുളം സി.ജെ.എം. കോടതിയുടെ പരിഗണനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly